യുടെ ഒരു നാവികത്താവളമാക്കുന്നതിനായി ശ്രീലങ്ക സർക്കാർ വിട്ടുകൊടുക്കുമെന്നു കേട്ടിരുന്നു. ഒളിപ്പോരാളികളെ അമർത്തുന്നതിന് ബ്രിട്ടനിലെ ചില ചോററുപട്ടാളക്കാരുടെയും ഇസ്രായേലിലെ രഹസ്യപ്പോലീസിന്റെയും പാകിസ്ഥാൻ പട്ടാളത്തിന്റെയും സഹായം, പരിമിതമായെങ്കിലും, ശ്രീലങ്കാഗവണ്മെന്റ് തേടുകയുണ്ടായി. ഈ കാരണങ്ങളാൽ, അസ്വാസ്ഥ്യങ്ങൾ നീണ്ടുനിൽക്കുന്നപക്ഷം ഇന്ത്യക്കെതിരായ ശക്തികൾ ശ്രീലങ്കയിൽ ശക്തിപ്പെട്ടുവരാനും, അതിൻഫലമായി ഇന്ത്യയുടെ സുരക്ഷ ഈ പ്രദേശത്ത് അപകടത്തിലാവാനും സാദ്ധ്യതയുണ്ടായിരുന്നു. ചേരിചേരാപ്രസ്ഥാനത്തിനുതന്നെ ഇതൊരു വലിയ വിപത്താകുമായിരുന്നു. ഇന്ത്യ—ശ്രീലങ്ക കരാറിന്റെ ഫലമായി ഇപ്പോൾ ഈ സാദ്ധ്യതകൾ അകന്നുപോയിട്ടുണ്ട്. ശ്രീലങ്കൻ അഭയാർത്ഥികൾ തമിഴ്നാട് സർക്കാരിന് വമ്പിച്ചൊരു സാമ്പത്തികബാദ്ധ്യതയായിരുന്നു. ചിലപ്പോൾ അവർ തമിഴ്നാട്ടിൽ നിസ്സാരങ്ങളല്ലാത്ത സുരക്ഷാപ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ഈ അഭയാർത്ഥികളെയെല്ലാം തിരിച്ചയയ്ക്കാനുള്ള പരിതഃസ്ഥിതി ഉണ്ടായത്, തമിഴ്നാട് സർക്കാരിന് വലിയൊരാശ്വാസമായി അനുഭവപ്പെടാതിരിക്കുകയില്ല.

ഇന്നത്തെ ചുററുപാടിൽ ധീരവും ദീർഘകാല വീക്ഷണത്തിൽ സ്പൃഹണീയവുമായ ഒരു കാൽവെപ്പാണ് ഇന്ത്യ—ശ്രീലങ്ക കരാർ. തന്റെ ജീവൻ അപകടപ്പെടുത്തിയാണ് പ്രധാനമന്ത്രി രാജീവ്ഗാന്ധി ഈ കരാറിൽ ഒപ്പുവെക്കാൻ ശ്രീലങ്കയിലെത്തിയത്. ഇക്കഴിഞ്ഞ നാലുവർഷങ്ങളിൽ ഈ പ്രശ്നത്തിന് ഈ വിധത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ തോന്നാഞ്ഞത് തന്റെ 'ബുദ്ധിമോശം'കൊണ്ടാണെന്ന് തുറന്നു പറഞ്ഞ പ്രസിഡണ്ട് ജയവർദ്ധനേയുടെ ആർജവം അഭിനന്ദനമർഹിക്കുന്നു. ലോകത്തിലെ മിക്ക രാഷ്ട്രനേതാക്കളും ഇന്ത്യ—ശ്രീലങ്ക കരാറിനെ സ്വാഗതംചെയ്തിട്ടുണ്ട്. ഇന്ത്യയുടെ വിദേശനയത്തിന് അയൽരാജ്യങ്ങളിൽ കൈവന്ന അപൂർവം ചില വിജയങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി ഈ കരാറിനെ കണക്കാക്കാവുന്നതാണ്.

(4 ആഗസ്റ്റ്, 1987)

## 7. ശ്രീലങ്കയിൽ ഇന്ത്യൻസേന

1987 ജൂലൈ 29—ാം തീയതി ശ്രീലങ്ക ജനാധിപത്യറിപ്പബ്ലിക്കിന്റെ പ്രസിഡണ്ടായ ശ്രീ ജയവർദ്ധനേയും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രധാനമന്ത്രിയായ ശ്രീ രാജീവ്ഗാന്ധിയും കൊളംബോനഗരത്തിൽ ഒപ്പുവെച്ച കരാറിനെപ്പററി ഈ പംക്തികളിൽ ആഗസ്റ്റ് 4—ാം തീയതി ഞാൻ എഴുതിയിരുന്നു. ശ്രീലങ്കയുടെ ഭൂപ്രദേശത്തിൽ മൂന്നിലൊന്നോളം വരുന്ന തമിഴ് ഭൂരിപക്ഷപ്രദേശങ്ങൾ ചേർത്ത് ഒരു സംസ്ഥാനം രൂപവല്ക്കരിക്കാൻ ഈ കരാർ വ്യവസ്ഥചെയ്യുന്നു. ഈ പ്രദേശങ്ങളിൽനിന്ന് ശ്രീലങ്കയുടെ പട്ടാളം പിൻമാറുമെന്നും, അവിടങ്ങളിൽ ഇന്ത്യൻപട്ടാളം താല്ക്കാലികമായി നിലയുറപ്പിക്കുമെന്നും, ശ്രീലങ്കാപട്ടാളത്തിനെതിരെ പൊരുതിവരുന്ന തമിഴ് ഒളിപ്പോരാളികൾ തങ്ങളുടെ ആയുധങ്ങൾ ഇന്ത്യൻപട്ടാളത്തിന് ഏല്പിച്ചുകൊടുക്കുമെന്നും, തുടർന്ന് 1987 ഡിസംബർ 31—നു മുമ്പായി നടക്കുന്ന ജനാധിപത്യപരമായ തിരഞ്ഞെടുപ്പിലൂടെ നിലവിൽ വരുന്ന നിയമസഭ (പ്രൊവിൻഷ്യൽ കൗൺസിൽ) ഈ പ്രദേശങ്ങളുടെ ഭരണം ഏറെറടുക്കുമെന്നും, അതുവരെ ഈ പ്രദേശങ്ങളിലുള്ള

തമിഴരുടെ സുരക്ഷയുടെ ഉത്തരവാദിത്തം ഇന്ത്യൻ സേനയ്ക്കായിരിക്കുമെന്നും ഈ കരാറിൽ വ്യക്തമായി പ്രസ്താവിച്ചിരുന്നു.

അന്നത്തെ ചുറ്റുപാടിൽ ധീരവും, ശ്രീലങ്കയിലെ തമിഴരുടെയും ശ്രീലങ്ക സർക്കാരിന്റെയും ഇന്ത്യയുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്ന് ഏററവും ഉപയുക്തവും ആയിരുന്നു ഈ കരാർ. ലോകരാഷ്ട്രങ്ങൾ പൊതുവെ ഈ കരാറിനെ അഭിനന്ദിക്കുകയും, ജനാധിപത്യരാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണത്തിന്ന് ഉത്തമനിദർശനമെന്ന് അതിനെ വാഴ്ത്തുകയുംചെയ്തു.

ശ്രീലങ്കയിലെ പ്രധാനമന്ത്രി ശ്രീ പ്രേമദാസ അടക്കം പല സിംഹള നേതാക്കളും ഈ കരാറിനെതിരായിരുന്നു. അതേസമയം, ശ്രീലങ്കയിലെ തമിഴരിൽ ബഹുഭൂരിഭാഗവും സമാധാനപരമായ പുരോഗതിക്ക് വഴിയൊരുക്കുന്നതെന്ന നിലയിൽ അതിനെ സ്വാഗതംചെയ്തു. തമിഴ് ഒളിപ്പോരാളികളുടെ പല സംഘടനകളും കരാറിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറായി. പക്ഷേ, ഈ സംഘടനകളിൽ ഏററവുമധികം കരുത്ത് ആർജിച്ചിരുന്ന 'തമിഴ് ഈഴം വിമോചന പുലികൾ' (ലിബറേഷൻ ടൈഗേഴ്സ് ഓഫ് തമിഴ് ഈഴം—എൽ. ടി. ടി. ഇ.) ഇടഞ്ഞുനിന്നു. നീണ്ടുനിന്ന കൂടിയാലോചനകൾക്കു ശേഷം, സെപ്തംബർ 28–ാം തീയതി, 'പുലി'കളുടെ നേതാവായ പ്രഭാകരൻ തങ്ങളുടെ കൈവശമുള്ള ആയുധങ്ങൾ ശ്രീലങ്കയിൽ അതിനകം എത്തിക്കഴിഞ്ഞിരുന്ന ഇന്ത്യൻസമാധാനസംരക്ഷണസേനയ്ക്ക് (ഇന്ത്യൻ പീസ് കീപ്പിങ് ഫോഴ്സ്—ഐ. പി. കെ. എഫ്.) ചില വ്യവസ്ഥകൾക്കു വിധേയമായി ഏല്പിച്ചുകൊടുക്കാമെന്നു സമ്മതിക്കുന്ന രേഖയിൽ ഒപ്പുവെച്ചു. തിരഞ്ഞെടുപ്പിനു മുമ്പ് തമിഴ്–ഈഴം പ്രദേശത്തു ഭരണകാര്യം നിർവഹിക്കുന്ന താൽക്കാലിക ഭരണകൂടത്തിൽ 'പുലി'കൾക്കു ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നതായിരുന്നു ഈ വ്യവസ്ഥകളിൽ മുഖ്യം.

തമിഴ്–ഈഴം പ്രദേശങ്ങളുടെ താല്ക്കാലിക ഭരണകൂടത്തിന്റെ തലവൻ (അഡ്മിനിസ്ട്രേററർ ഇൻ കൗൺസിൽ) ആയി 'പുലി'കൾ സമർപ്പിച്ചിരുന്ന മൂന്നു പേരുകൾ അടങ്ങിയ പാനലിൽനിന്ന്, ശ്രീ ശിവജ്ഞാനം എന്ന ഒരാളെ പ്രസിഡണ്ട് ജയവർദ്ധനേ നിർദേശിച്ചപ്പോൾ, ആ നിർദേശം സ്വീകരിക്കാൻ 'പുലി'കൾ തയ്യാറായില്ല. പകരം, 'പുലി'കളെ സഹായിച്ചു എന്ന ആരോപണത്തിനു വിധേയനായി മുമ്പ് തടങ്ങലിൽ കഴിഞ്ഞിരുന്ന ശ്രീ നമശ്ശിവായം പത്മനാഥൻ എന്നൊരാളാകണം താല്ക്കാലികഭരണാധികാരി എന്ന് അവർ ശഠിച്ചു. ഇതു സംബന്ധിച്ച് ശ്രീ ജയവർദ്ധനേയുമായി നടന്ന കൂടിയാലോചനകളൊന്നും ഫലപ്രദമായില്ല.

ഇതിനിടയ്ക്ക് 'പുലി'കളുടെ ആശങ്കകൾ ശക്തിപ്പെടുത്തുന്ന ഏതാനും സംഭവങ്ങൾ ശ്രീലങ്കയിൽ നടന്നുകഴിഞ്ഞിരുന്നു. ദ്വീപിന്റെ കിഴക്കു വശത്തുള്ള തമിഴ് ഭൂരിപക്ഷപ്രദേശങ്ങളിൽ വലിയതോതിൽ സിംഹളരെ കുടിപാർപ്പിച്ചുവരുന്നതായി വാർത്ത പരന്നു. ശ്രീലങ്കയുടെ സൈന്യം തടവുകാരായി പിടിച്ചിരുന്ന പതിനേഴ് 'പുലികളെ' ഇന്ത്യൻ സേനയുടെ എതിർപ്പു വകവെക്കാതെ, ജാഫ്ന(യാഴ്പ്പാണത്തു)യിൽനിന്ന് കൊളംബോവിലേക്കു ശ്രീലങ്കാസൈന്യം കൊണ്ടുപോയതും, അവരിൽ പന്ത്രണ്ടുപേർ പൊട്ടാസ്യം സയനൈഡ് എന്ന വിഷം വിഴുങ്ങി ആത്മഹത്യചെയ്തതും ശ്രീലങ്കയിലെ മാത്രമല്ല ഇന്ത്യയിലെയും തമിഴർക്കിടയിൽ വ്യാപകമായ പ്രക്ഷോഭം ഉളവാക്കി. ഇതിനു പ്രതിക്രിയയായി സ്ത്രീകളും കുട്ടികളുമടക്കം നിർദോഷരായ നൂററമ്പതു് സിംഹളരെ 'പുലി'കൾ നിഷ്കരുണം കൊലചെയ്തു. ഒടുവിൽ, സെപ്തംബർ 28–ാം

തീയതി ഇന്ത്യാഗവണ്മെൻറുമായി താൻ ഉണ്ടാക്കിയ കരാർ, രണ്ടു ദിവസം കഴിഞ്ഞു സെപ്റ്റംബർ 30–ാം തീയതി 'പുലി'കളുടെ നേതാവായ പ്രഭാകരൻ നിരാകരിക്കുകയുംചെയ്തു. ഒക്ടോബർ 7–ാം തീയതിമുതൽ ശ്രീലങ്കയുടെ വടക്കുപ്രദേശത്തു്, മുഖ്യമായി ജാഫ്ന (യാഴ്പ്പാണം) നഗരത്തിലും പരിസരങ്ങളിലും ഇന്ത്യൻ സമാധാനസംരക്ഷണസേനയെ 'പുലി'കൾ സംഘടിതമായി ആക്രമിക്കാൻ തുടങ്ങി. ഇതിൻെറയെല്ലാം ഫലമായി ഇന്ത്യ–ശ്രീലങ്ക കരാർ നടപ്പിൽ വരുത്തുന്നതിനുവേണ്ടി ശ്രീലങ്കയിലെ തമിഴ് ഭൂരിപക്ഷപ്രദേശങ്ങൾ മുഴുവൻ കീഴടക്കുകയും, അവിടെ നിന്നു് ഒളിപ്പോരാളികളെ തിരഞ്ഞുപിടിച്ചു നിരായുധരാക്കുകയുംചെയ്യേണ്ടതു് ഇന്ത്യൻ സേനയുടെ ഒഴിച്ചുവിടാനാവാത്ത കടമയായിത്തീർന്നു. ഒളിപ്പോരാളികൾ പലേടങ്ങളിലും ശക്തിദുർഗങ്ങൾ ഉണ്ടാക്കി ഉറച്ചുനിന്നു പൊരുതി. വീരോചിതമായ സാഹസികതയുടെ മൃഗീയമായ ക്രൂരതയും അവർ പ്രദർശിപ്പിച്ചു. പ്രതീക്ഷിച്ചതിൽക്കവിഞ്ഞ നാശനഷ്ടങ്ങൾ ഇന്ത്യൻ സേനയ്ക്കുണ്ടായി. ജാഫ്ന (യാഴ്പ്പാണം) നഗരത്തിലെ ഓരോ വീട്ടിൽനിന്നും 'പുലി'കളെ തിരഞ്ഞുപിടിച്ചു പുറത്തു ചാടിക്കേണ്ടി വന്നു. രണ്ടു് ആഴ്ചകൾ നീണ്ടുനിന്ന കടുത്ത പോരാട്ടത്തിനുശേഷം, ഇതെഴുതുമ്പോൾ (നവംബർ 1), ശ്രീലങ്കയ്ക്കകത്തു് ഒരു സ്വതന്ത്ര ഭരണകൂടമായി എത്രയോ കാലമായി പ്രവർത്തിച്ചുവന്നിരുന്ന തമിഴ്–ഈഴം–വിമോചനപ്പുലികളുടെ സംഘടനയെ തകർക്കുന്നതിൽ ഇന്ത്യൻസേന ഏറെക്കുറെ വിജയം കൈവരിച്ചിരിക്കുന്നു. 'പുലി'കളുടെ നേതാവായ പ്രഭാകരൻെറ ഒരു വിവരവും ഇപ്പോൾ ഇല്ല. അദ്ദേഹം മദ്ധ്യ–ശ്രീലങ്കയിലെ കാട്ടുകളിൽ ഒളിച്ചിരിക്കുകയാണെന്നു കിംവദന്തിയുണ്ടു്. തുടർന്നും ഇന്ത്യൻ സേനയ്ക്കു് എതിരായ ഒളിപ്പോരു് 'പുലി'കൾ നടത്തിക്കൊണ്ടിരിക്കാൻ സാദ്ധ്യത കുറവല്ല. എന്നാൽ, അവർക്കു തങ്ങളുടെ ആയുധങ്ങൾ ഏറെക്കുറെ മുഴുവനും നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ, സംഘടിതമായി ഇന്ത്യൻ സേനയെ ആക്രമിക്കാനോ, തമിഴ്–ഈഴം പ്രദേശത്തു ജനാധിപത്യ വ്യവസ്ഥിതി നിലവിൽ വരുത്തുന്നതിനു് ശ്രീ ജയവർദ്ധനേ അംഗീകരിക്കാവുന്ന നടപടികൾ തടസ്സപ്പെടുത്താനോ ഇനി 'പുലി'കൾക്കു കഴിയുമെന്നു തോന്നുന്നില്ല. അതേസമയം, 'പുലി'കൾ ഇന്ത്യൻ സേനയ്ക്കും, ശ്രീലങ്കയിലെ തമിഴ്പ്രദേശങ്ങളിൽ സ്ഥാപിതമാകുന്ന ജനാധിപത്യ വ്യവസ്ഥിതിക്കും ഏറെക്കാലം ദ്രോഹം ചെയ്തുകൂടെന്നില്ല. തമിഴ്–ഈഴം പ്രദേശത്തു് 'ഒററക്കക്ഷിയുടെ ഡിക്റ്റേററർ ഭരണം' നടപ്പിലാക്കുകയാണു തൻെറ ലക്ഷ്യമെന്നു 'പുലി'കളുടെ അനിഷേദ്ധ്യനേതാവായ ശ്രീ പ്രഭാകരൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ടു്. തിരഞ്ഞെടുപ്പിലൂടെ 'തമിഴ്ഈഴ'ത്തിൽ ഭൂരിപക്ഷം നേടി അധികാരത്തിൽ വരാമെന്ന പ്രതീക്ഷ 'പുലി'കൾക്കും ഉണ്ടാകാനിടയില്ല. അതിനാൽ അവർ അക്രമത്തിൻെറ മാർഗം അടുത്തൊന്നും ഉപേക്ഷിക്കുമെന്നു കരുതിക്കൂടാ.

ശ്രീലങ്കയുടെ ആഭ്യന്തരകാര്യമാണു് തമിഴ്–ഈഴം. അതിൽ ഇന്ത്യ എന്തിനു കൈയിട്ടു? എന്തിനു് ആ അയൽരാജ്യത്തേക്കു സ്വന്തം സൈന്യത്തെ അയച്ചു? ഇനി ആ സൈന്യത്തെ എന്നെങ്കിലും തിരിച്ചുകൊണ്ടുവരുവാൻ ഇന്ത്യയ്ക്കു കഴിയുമോ? അഫ്ഘാനിസ്ഥാനിൽ സോവിയററ് റഷ്യയും വിയററ്നാമിൽ അമേരിക്കയും പിടിച്ച പുലിവാലല്ലേ ശ്രീലങ്കയിൽ ഇന്ത്യയും പിടിച്ചതു്?

ഈ ചോദ്യങ്ങൾക്കു നേരിട്ടൊരുത്തരം നൽകുംമുമ്പു്, ചില അടിസ്ഥാന വസ്തുതകൾ നാം പരിഗണിക്കേണ്ടിയിരിക്കുന്നു. ഇന്ത്യ വളരെ വലിയ ഒരു രാജ്യമാണു്. ദക്ഷിണേഷ്യയിൽ അത്യന്തം തന്ത്രപ്രാധാന്യമുള്ള ഒരു പ്രദേശത്താണു് ഇന്ത്യ സ്ഥിതിചെയ്യുന്നതു്. ഈ പ്രദേശത്തു് കരയിലും കടലിലും സമാധാനവും ജനാധിപത്യവ്യവസ്ഥിതിയും പുല

രേണ്ടതു് ഇന്ത്യയിൽ സമാധാനവും ജനാധിപത്യവും നിലനിൽക്കുന്നതിനു് അത്യാവശ്യമാകുന്നു. ഇന്ത്യയോടു പ്രകടമായ വിരോധം പുലർത്തുന്ന ശക്തികൾക്കു ചുററുപാടുമുള്ള ചെറുരാജ്യങ്ങളിൽ താവളങ്ങൾ ഉണ്ടാകാതെ നോക്കേണ്ടതു നമ്മുടെ സുരക്ഷയ്ക്കു് അനുപേക്ഷണീയമാണു്.

ശ്രീലങ്കയിലെ തമിഴ് പ്രശ്നം ആ രാജ്യത്തിന്റെമാത്രം ആഭ്യന്തര കാര്യമല്ല. ഇന്ത്യയിലെ തമിഴ്നാടു് സംസ്ഥാനത്തിന്റെ ഭാവിയുമായി ഈ പ്രശ്നം കൂടിക്കുഴഞ്ഞുകിടക്കുന്നു. ഇന്ത്യയുടെ കേന്ദ്രഭരണകൂടത്തിൽ നിന്നു വിട്ടു്, സ്വതന്ത്രമായ ഒരു ദ്രാവിഡനാടു് സ്ഥാപിക്കുകയെന്ന ആശയം തമിഴ്നാട്ടിലെ പ്രാദേശിക രാഷ്ട്രീയ കക്ഷികൾ കൈവെടിഞ്ഞിട്ടുണ്ടാവാം. എങ്കിലും പല വ്യക്തികളുടെയും ഹൃദയങ്ങളിൽ ആ സ്വപ്നം ഇപ്പോഴും പുലർന്നുവരുന്നുണ്ടു്. ശ്രീലങ്കയിലെ തമിഴ് പ്രദേശങ്ങളിൽ രാഷ്ട്രീയമായ അസ്വസ്ഥതയും അസ്ഥിരതയും നീണ്ടാൽ നിലനിൽക്കുകയാണെങ്കിൽ, അതു് തമിഴ്നാട്ടിൽ ഒരു കേന്ദ്രവിരുദ്ധ സമരത്തിനു കാരണമായിക്കൂടെന്നില്ല.

ശ്രീലങ്കയിലെ തമിഴ്പ്രദേശത്തു്, തമിഴരും ശ്രീലങ്കാ ഗവണ്മെൻറും തമ്മിലുള്ള തർക്കങ്ങൾ തുറന്ന ഒരു ഏററുമുട്ടലായി വളർന്നുകൊണ്ടിരുന്ന ഇക്കഴിഞ്ഞ നാലു വർഷങ്ങളിൽ, അഭയാർത്ഥികളായി ഇന്ത്യയിലെത്തിയ ലക്ഷക്കണക്കിനു തമിഴരെ സംരക്ഷിക്കുകയും, തമിഴ് പ്രശ്നം രമ്യമായി പരിഹരിക്കാൻ ശ്രീലങ്കാഗവണ്മെൻറിനെ പ്രേരിപ്പിക്കുകയുമാണു് ഇന്ത്യാഗവണ്മെൻറ് ചെയ്തുവന്നതു്. പല ഗ്രൂപ്പുകളിൽപ്പെട്ട തമിഴ് ഒളിപ്പോരാളികൾക്കു പരിശീലനസൗകര്യങ്ങളും ആയുധ—ധന സഹായവും ഇന്ത്യാഗവണ്മെൻറ് നേരിട്ടോ, തമിഴ്നാടു് ഗവണ്മെൻറിലൂടെയോ നൽകിവരുന്നുണ്ടെന്നു് ശ്രീലങ്കയിൽ പരക്കെ വിശ്വസിക്കപ്പെട്ടിരുന്നു. തമിഴ്നാട്ടിലെ രാഷ്ട്രീയ കക്ഷികൾ ശ്രീലങ്കയിലെ ഒളിപ്പോരാളികളുടെ സംഘടനകളുമായി പലതരത്തിൽ ബന്ധപ്പെട്ടിരുന്നതായും പറയപ്പെട്ടിരുന്നു. ഈ പരിതഃസ്ഥിതികളിൽ ഒളിപ്പോരാളികളെ അടിച്ചമർത്തുന്നതിനു കഴിവില്ലാതെവന്ന ശ്രീലങ്ക, ഇന്ത്യയുമായി മിത്രത പുലത്താത്ത പാകിസ്ഥാൻ, ഇസ്രായേൽ മുതലായ രാജ്യങ്ങളുടെ സഹായം തേടുമെന്നു വന്നപ്പോഴാണു് ഇന്ത്യാഗവണ്മെൻറ് ശ്രീലങ്കാപ്രശ്നത്തിൽ നേരിട്ടു് ഇടപെട്ടതു്. ഉപരോധത്തിനു വിധേയരായ തമിഴർക്കു്, ശ്രീലങ്ക സർക്കാരിൻെറ എതിർപ്പു് വിഗണിച്ചും ഭക്ഷ്യസഹായം ഇന്ത്യാഗവണ്മെൻറ് എത്തിച്ചപ്പോൾ, അതിലടങ്ങിയ സൂചന മനസ്സിലാക്കാതിരിക്കാൻ പ്രസിഡണ്ടു് ജയവർദ്ധനേയ്ക്കു കഴിഞ്ഞില്ല. ശ്രീലങ്കയിലെ തമിഴർക്കു്, ആ രാഷ്ട്രത്തിനകത്തു പരമാവധി സ്വാതന്ത്ര്യം നൽകുമാറു് ശ്രീലങ്കാ ഭരണഘടനയിൽ ആവശ്യമായ മാററം വരുത്താൻ ശ്രീ ജയവർദ്ധനേ തയ്യാറായപ്പോൾ, ആ നിർദേശം തമിഴരെക്കൊണ്ടു് അംഗീകരിപ്പിക്കേണ്ടതു് ഇന്ത്യാഗവണ്മെൻറിൻെറ ധാർമികവും രാഷ്ട്രീയവുമായ കർത്തവ്യമായിത്തീർന്നു. ജനാധിപത്യപരമായി തമിഴ്—ഈഴത്തിൻെറ പ്രശ്നം പരിഹരിക്കുന്നതിൽ തമിഴ്—ഈഴം വിമോചനപ്പുലികൾ തടസ്സം സൃഷ്ടിക്കുമെന്നു് ഇന്ത്യാഗവണ്മെൻറ് കരുതിയിരിക്കുകയില്ല. പക്ഷേ, ഒരിക്കൽ താൻ ഒപ്പിട്ട കരാറിൽനിന്നു് 'പുലി'കളുടെ നേതാവായ ശ്രീ പ്രഭാകരൻ പിന്മാറുകയും, ഇന്ത്യൻ സമാധാനസംരക്ഷണ സേനയ്ക്കെതിരെ അത്യന്തം ഘോരമായ ആക്രമണം 'പുലി'കൾ ആരംഭിക്കുകയും ചെയ്തപ്പോൾ ശ്രീലങ്ക—തമിഴ് പ്രദേശം തങ്ങളുടെ കീഴിലാക്കുകയല്ലാതെ ഇന്ത്യൻ സേനയ്ക്കു ഗത്യന്തരമില്ലാതായി. ഇന്ത്യ ശ്രീലങ്കയുടെ ആഭ്യന്തര കാര്യത്തിൽ കൈയിട്ടതിൻെറ ന്യായീകരണം ഇതാണു്.

ഇനിയെന്തു്? 'പുലി'കൾ സഹകരിക്കാത്തതു നിമിത്തം, തമിഴ്—ഈഴം പ്രദേശങ്ങളിൽ ഒരു താൽക്കാലിക ഭരണകൂടം സ്ഥാപിക്കുകയെന്ന

നിർദേശം ഇപ്പോൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യ—ശ്രീലങ്ക കരാറിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ 1987 ഡിസംബർ അവസാനത്തിനു മുമ്പ് ഈ പ്രദേശങ്ങളിൽ തിരഞ്ഞെടുപ്പു നടത്തി ജനാധിപത്യഭരണം പുനഃസ്ഥാപിക്കുവാൻ സാദ്ധ്യമാകുമോ? അതു സാദ്ധ്യമായാൽ അത്തരമൊരു ഭരണം യഥാർത്ഥത്തിൽ നിലവിൽവരുന്ന ദിവസം, ഇന്ത്യൻ സൈന്യത്തിന് ശ്രീലങ്കയിൽനിന്നു തിരിച്ചുപോരാം. ബംഗ്ളാദേശിന്റെ വിമോചനം സംബന്ധിച്ചും ഇന്ത്യ നിർവഹിച്ച ഭൂമിക ഏറെക്കുറെ ഇത്തരത്തിലുള്ള ഒന്നായിരുന്നുവല്ലോ.

ശ്രീലങ്കയുടെ പരമാധികാരത്തിനു കീഴിൽ; തമിഴർക്കു ഭൂരിപക്ഷമുള്ള ഒരു സംസ്ഥാനം എന്ന നിലയിലാണ് ഇന്ത്യ 'തമിഴ്—ഈഴ'ത്തെ വിഭാവനംചെയ്യുന്നത്. ഇതിൽനിന്നു വ്യത്യസ്തമായി, ശ്രീലങ്കയിൽനിന്നുവിട്ട്, ഒരു പരമാധികാര സ്വതന്ത്ര രാഷ്ട്രമാണ് 'തമിഴ്—ഈഴം' എന്ന് ശ്രീലങ്കയിലെ തമിഴർ പ്രഖ്യാപിച്ചാലോ? അത്തരമൊരു പ്രഖ്യാപനത്തെ ഇന്ത്യ ഒരിക്കലും അനുകൂലിക്കുകയില്ല; ഇന്ത്യയുടെ പ്രഖ്യാപിത നയത്തിനും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അതു തികച്ചും എതിരായിരിക്കും.

വിഷമകരങ്ങളായ ചുററുപാടുകളിൽ, കൈക്കൊള്ളാവുന്ന വികല്പങ്ങളിൽ ദോഷം ഏററവും കുറഞ്ഞതു സ്വീകരിക്കുകയാണ് ശ്രീലങ്ക—തമിഴ് പ്രശ്നത്തിൽ ഇന്ത്യ ചെയ്തിട്ടുള്ളത്. ശ്രീലങ്കയിലെ തമിഴ് പ്രദേശങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ജനാധിപത്യ ഗവണ്മെൻറ് നിലവിൽവരികയും, തമിഴ് വംശജരുടെ സുരക്ഷയെപ്പററിയുള്ള ആശങ്കകൾ അസ്തമിക്കുകയുംചെയ്യുന്നതോടെ, ഇന്ത്യൻസേന ശ്രീലങ്കയിൽനിന്നു പിന്മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീലങ്കയുടെ ഒരിഞ്ചു മണ്ണും കൈയടക്കണമെന്ന ആശ ഇന്ത്യയ്ക്കില്ല. വ്യർത്ഥമായ രക്തപാതം ഒഴിവാക്കാനും, ജനാധിപത്യത്തിന്റെ സമാധാനപൂർണമായ മാർഗത്തിലേക്കു തിരിച്ചുപോകാനും 'പുലി'കൾ തയ്യാറായാൽ, തമിഴ്—ഈഴം പ്രശ്നപരിഹാരം എളുപ്പമാണ്. അന്ധതയോളമെത്തിനില്ക്കുന്ന സാഹസികതയിൽനിന്ന് 'പുലി'കളെ തടയുന്നതിന് തമിഴ്നാട്ടിലെ സ്വാധീനശക്തിയുള്ള കക്ഷിനേതാക്കൾ ശ്രമിച്ചാൽ കൊള്ളാം.

(1 നവംബർ, 1987)

# 8. ഫിജി

ദക്ഷിണ ശാന്തസമുദ്രത്തിൽ,ന്യൂസിലാൻഡിൽനിന്ന് ആയിരത്തിലേറെ മൈൽ വടക്കോട്ടു മാറി കിടക്കുന്ന എണ്ണൂറോളം ദ്വീപുകൾ ചേർന്നതാണ് 'ഫിജി' എന്ന ബ്രിട്ടീഷ് കോമൺവെൽത്തിലുൾപ്പെട്ട, ഏഴായിരത്തെഴപത്തെട്ടു ചതുരശ്ര മൈൽ വിസ്താരമുള്ള, ചെറുരാഷ്ട്രം. ആസ്ട്രേലിയയ്ക്കും ന്യൂസിലാൻഡിനും വടക്കേ അമേരിക്കയ്ക്കും ഇടയിലുള്ള ശാന്തസമുദ്ര ഗതാഗത മാർഗത്തിലെ ഒരു പ്രധാന ഇടത്താവളമാകയാൽ ഫിജിക്ക് അന്താരാഷ്ട്രീയ തന്ത്രപ്രാധാന്യമുണ്ട്.

പാശ്ചാത്യർ ഫിജി 'കണ്ടുപിടിച്ചത്' ക്രിസ്തുവർഷം 1643—ൽ ആയിരുന്നു. 'മേലനേഷ്യർ' എന്നറിയപ്പെടുന്ന ഗോത്രവർഗക്കാരാണ് ഈ ദ്വീപുകളിൽ അന്നു പാർത്തിരുന്നത്. ഈ ദ്വീപുകളിൽ ചന്ദനവൃക്ഷങ്ങൾ ധാരാളം ഉണ്ടായിരുന്നതിനാൽ പത്തൊമ്പതാംനൂററാണ്ടിൽ യൂറോപ്യൻ വ്യാപാരികളുടെ ശ്രദ്ധ ഇവയിലേക്കു തിരിഞ്ഞു. ഗോത്രവർഗക്കാർ തമ്മിൽത്തമ്മിൽ രക്തപങ്കിലങ്ങളായ യുദ്ധങ്ങൾ നടക്കുന്നതിനാ